പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2857

22.06.2012 ൽ മറുപടിയ്ക്ക്

# തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>,, ബെന്നി ബെഹനാൻ<br>,, കെ. ശിവദാസൻ നായർ<br>,, എം.പി. വിൻസെന്റ് | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;<br><br>ബി) ക്രമക്കേടുകൾ നിരീക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; | എ) & ബി) | തൊഴിലുറപ്പ് പദ്ധതിയിലെ ക്രമക്കേടുകൾ തടയുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>i. തൊഴിലുറപ്പു പദ്ധതി പ്രവൃത്തികൾ പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും വാർഡുതലത്തിൽ ഗ്രാമസഭകൾ തെരഞ്ഞെടുത്ത വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്.<br>ii. പ്രവൃത്തികളുടെ 100% പരിശോധന ബ്ളോക്ക്തലത്തിലും 10% ജില്ലാ തലത്തിലും 2% സംസ്ഥാന തലത്തിലും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.<br>iii. തൊഴിലുറപ്പു പദ്ധതിയിലേറ്റെടുക്കുന്ന എല്ലാ പ്രവൃത്തികളുടേയും നടത്തിപ്പ്, ഗുണമേന്മ തുടങ്ങിയ എല്ലാ കാര്യങ്ങളും ആറു മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.<br>iv. ഗ്രാമസഭകൾ സോഷ്യൽ ഓഡിറ്റ് നടത്തി തയ്യാറാക്കുന്ന റിപ്പോർട്ടുകൾ ഉൾപ്പെടെയുള്ളവ ലോക്കൽ ഫണ്ട് ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ്, സംസ്ഥാന ദേശീയ മോണിറ്റർമാർ എന്നിവരും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. |

v. മസ്റ്റർറോൾ വെരിഫിക്കേഷൻ

vi. പദ്ധതിയുടെ ഗുണനിലവാര മോണിറ്റർമാരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

vii. പരാതി പരിഹാര സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിന് എല്ലാ ജില്ലകളിലും ഓംബുഡ്സ്മാൻമാരെ നിയമിച്ചിട്ടുണ്ട്.

viii. എല്ലാ ജില്ലകളിലും സംസ്ഥാന തലത്തിലും ടോൾ ഫ്രീ ടെലഫോൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | ഇതിനായി എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ